അനുസരിച്ചുവരുന്ന ചെറിയ തുകയുള്ള പ്രവർത്തികൾക്ക് അനുമതി നൽകുന്നതിന് നോഡൽ ഓഫീസർക്കും ഒരു കോടി വരെയുള്ള പ്രവർത്തികൾക്ക് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും അതിനു മുകളിലുള്ള ഫയലുകൾ, പ്രത്യേക അനുമതി ആവശ്യമുള്ള ഫയലുകൾ എന്നിവ ധനമന്ത്രി കാണുന്നതിനും വ്യവസ്ഥ ചെയ്ത് ഫയൽ റൂട്ടിങ്ങിൽ മാറ്റംവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ആസ്തി വികസന പദ്ധതിക്കു കീഴിൽ പല വകുപ്പുകൾക്കും പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ഇല്ലാത്തതുമൂലം കാലതാമസം നേരിടുന്നത് പരിഹരിക്കുന്നതിന് ഓരോ ഭരണ വകുപ്പിനും ഹെഡ് ഓഫ് അക്കൗണ്ട് കൂടി അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടി വിഷയം സംബന്ധിച്ച് ഫയലിൽ ഉത്തരവായിട്ടുണ്ട്.

(ബി) നിലവിൽ ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് അവയുമായി ബന്ധപ്പെട്ട ഡിമാന്റിൽ ശീർഷകം അനുവദിച്ചിട്ടുണ്ട്. കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആസ്തി വികസന പദ്ധതിക്ക് മതിയായ തുക അനുവദിക്കാൻ നടപടി

104(2092) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള ബില്ല് ട്രഷറികളിൽ ഫണ്ടില്ലാതെ ഒബ്ജക്ഷനാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ബില്ലുകൾക്ക് ധനകാര്യ (വെയ്സ് ആന്റ് മീൻസ്) വകുപ്പിന്റെ ക്ലിയറൻസ് വാങ്ങേണ്ടി വരുന്നതിനാൽ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് സമയബന്ധിതമായി പണി ആരംഭിക്കുവാൻ കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) നിലവിൽ ഓരോ മാസവും 1 മുതൽ 10 വരെയുള്ള തീയതികളിൽ ശമ്പളം, പെൻഷൻ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള ബില്ലുകൾ Ways and means clearance ഇല്ലാതെ ട്രഷറിയിൽ നിന്നും മാറി നൽകുന്നതാണ്. 50 ലക്ഷത്തിനു മുകളിലുള്ള മറ്റെല്ലാ ബില്ലുകൾക്കും Ways and means clearance ആവശ്യമാണ്.

സ്വയം സംരംഭക വികസന മിഷൻ

105(2093) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത മിഷൻ സാമ്പത്തിക സഹായം നൽകുന്നത് ഏതെല്ലാം മേഖലകളിലുള്ളവർക്കാണ് ;

(സി) ജനങ്ങളിൽ സംരംഭക ശീലം വളർത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് മിഷൻ കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്. 2011-12 ബജറ്റിൽ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ നോഡൽ ഏജൻസിയാണ് കെ.എഫ്.സി. സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന പുതിയ പദ്ധതികൾക്കും നല്ല കാർഷികാധിഷ്ഠിത പദ്ധതികൾക്കുമാണ് സാമ്പത്തിക സഹായം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly